# Knanaya Association elected Rev. Fr. C T Kurian Chaluparambil as the 2nd Metropolitan of the diocese

***Mathrubhumi***
***December 22, 2006***

## ഫാ. സി.ടി. കുര്യൻ ചാലുപറമ്പിൽ ക്നാനായസഭാ സഹായമെത്രാൻ



ചിങ്ങവനം: മലങ്കര ക്നാനായ സുറിയാനി സഭയുടെ സഹായമെത്രാനായി ഫാ. സി.ടി. കുര്യൻ ചാലുപറമ്പിൽ തിരഞ്ഞെടുക്കപ്പെട്ടു. ക്നാനായ യാക്കോബായ സഭയുടെ ചരിത്രത്തിലാദ്യമായാണ് സഹായമെത്രാനെ നിയമിക്കുന്നത്.

സഹായമെത്രാനെ തിരഞ്ഞെടുക്കുന്നതിനായി ക്നാനായ അസോസിയേഷൻ യോഗം ചിങ്ങവനം മാർ അപ്രേം സെമിനാരിയിൽ രാവിലെ 11 മണിക്ക് ആരംഭിച്ചു. ആദ്യ റൗണ്ട് വോട്ടെടുപ്പിൽത്തന്നെ ഫാ. സി.ടി. കുര്യൻ മുന്നിലെത്തിയെങ്കിലും സഭാ ഭരണഘടനപ്രകാരം ആകെയുള്ള അംഗങ്ങളുടെ 51 ശതമാനം വോട്ട് നേടാനാകാത്തതിനാൽ രണ്ടാമതും വോട്ടെടുപ്പുവേണ്ടി വന്നു. രണ്ടാംഘട്ട വോട്ടെടുപ്പിൽ ആകെ പോൾചെയ്ത 288 വോട്ടിൽ 171 വോട്ട് നേടി ഫാ.സി.ടി.കുര്യൻ വിജയിച്ചു. ഫാ. ജോബ് തോട്ടത്തിലിനെയാണ് അദ്ദേഹം പരാജയപ്പെടുത്തിയത്. ബാബു ജോസഫ് വരണാധികാരിയായിരുന്നു.

ഫാ. സി.ടി.കുര്യൻ മാന്നാർ ചാലുപറമ്പിൽ പരേതനായ സി.എ. തോമസിന്റെയും വെളിയനാട് പുത്തൻകളത്തിൽ അമ്മിണിയുടെയും മകനാണ്. മാന്നാർ എംഡിഎൽപി സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും തേവേരി സെന്റ്തോമസ് ഹൈസ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. റാന്നി സെന്റ് തോമസ് കോളേജിൽനിന്ന് പ്രീഡിഗ്രിയും തിരുവല്ല മർത്തോമാ കോളേജിൽനിന്ന് ബിഎ ബിരുദവും ഇൻഡോർ

ക്രിസ്ത്യൻ കോളേജിൽനിന്ന് ബിരുദാനന്തര ബിരുദവും നേടി. വടവാതൂർ പൗരസ്ത്യവിദ്യാപീഠത്തിലും അയർലണ്ടിലും ദൈവശാസ്ത്രത്തിൽ ഉന്നതപഠനം പൂർത്തിയാക്കി. 27 വർഷം വിവിധ ഇടവകകളിൽ വികാരിയായിരുന്നു. സഹോദരങ്ങൾ. സി.ടി. തോമസ്, സി.ടി. ഏബ്രഹാം, പരേതനായ സി.ടി. മാത്യു.

ഫാ. സി.ടി. കുര്യന് വിശ്വാസികൾ സ്വീകരണം നൽകി. തുടർന്ന് ചിങ്ങവനം ദയറാ പള്ളിയിലെ ഏബ്രഹാം മാർ ക്ലീമീസിന്റെ കബറിടത്തിൽ പ്രാർത്ഥന നടത്തി.

അന്ത്യോക്യാ പാത്രിയർക്കീസിനോട് കൂറും ഭക്തിയും പ്രഖ്യാപിച്ച് ക്നാനായ സമുദായത്തെ പുരോഗതിയിലേക്കു നയിക്കുമെന്ന് ഫാദർ സി.ടി. കുര്യൻ ചാലുപറമ്പിൽ പറഞ്ഞു. സഹായമെത്രാനെ അനുമോദിച്ച് ക്നാനായ സഭാ മെത്രാൻ കുറിയാക്കോസ് മോർ സേവേറിയോസ് പ്രസംഗിച്ചു.

Source: malankaravoice